I/289545/2024

**തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ്, വയനാട്**
**ജില്ലാ ടൌൺ പ്ലാനറുടെ നടപടിക്രമം**
**(ഹാജർ: രഞ്ജിത്ത് കെ.എസ്)**

വിഷയം :- തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ്, വയനാട് – പുൽപ്പള്ളി ഗ്രാമ പഞ്ചായത്തിൽ പുൽപ്പള്ളി വില്ലേജിൽ റീ228/2 സർവ്വേ നമ്പർ.-ൽ പ്പെട്ട 2.2150 ഹെക്ടർ സ്ഥലത്ത് ട്രസ്റ്റി, സെൻറ് ജോർജ് ജാക്കോബിറ്റ് സിറിയൻ ചർച്ച് നിലവിലുള്ള സ്കൂൾ കെട്ടിടത്തോട് കൂട്ടിച്ചേർത്ത ഭാഗവും അനുബന്ധ കെട്ടിടങ്ങളും ക്രമവത്കരിച്ച് ലേ ഔട്ട് അനുമതി നൽകി ഉത്തരവാകുന്നു.

സൂചന :- ട്രസ്റ്റി, സെൻറ് ജോർജ് ജാക്കോബിറ്റ് സിറിയൻ ചർച്ച്, പുൽപ്പള്ളി, ആനപ്പാറയുടെ 26/03/2024 തിയ്യതിയിലെ ലേ ഔട്ട് അനുമതി അപേക്ഷ.

**ഉത്തരവ് നമ്പർ.LSGD/JD/WYD/3553/2024-F1 തീയതി: 21/05/2024**

പുൽപ്പള്ളി ഗ്രാമ പഞ്ചായത്തിൽ, പുൽപ്പള്ളി വില്ലേജിൽ ബ്ലോക്ക് 6-ൽ റീ.സർവ്വേ നമ്പർ 228/2-ൽ പ്പെട്ട 2.2150 ഹെക്ടർ സ്ഥലത്ത് നിലവിലുള്ള സ്കൂൾ കെട്ടിട വിപുലീകരണം, താമസകെട്ടിടം, ലേഡീസ് ആൻഡ് ജെൻസ് ടോയ് ലറ്റ്, ഇതുകൂടാതെ മറ്റൊരു ടോയ് ലറ്റ് ബ്ലോക്ക് എന്നിവ സഹിതം ഉൾപെടെ ആകെ **1794.03** ചതു.മീറ്റർ ബിൽറ്റ് അപ് ഏരിയവരുന്ന നിർമ്മാണം പൂർത്തീകരിച്ച് പ്രസ്തുത നിർമ്മാണങ്ങൾക്ക് ലേ ഔട്ട് അനുമതി ആവിശ്യപ്പെട്ടുകൊണ്ട് വന്ന അപേക്ഷ പരിശോധിച്ചതിൽ KPBR-2019 ലെ ചട്ടം 5(6) വ്യവസ്ഥകൾ പാലിക്കുന്നതിനാൽ KPBR-2019 ലെ ചട്ടം 30 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി സമർപ്പിച്ച സൈറ്റ് പ്ലാൻ പ്രകാരം ലേ ഔട്ട് അനുമതി നൽകി ഉത്തരവാകുന്നു. നിലവിലുള്ള കെട്ടിടങ്ങളുടെയും നിർമാണം പൂർത്തീകരിച്ച കെട്ടിടങ്ങളുടെയും ഏരിയ സ്റ്റേറ്റ്മെൻറ് ഇതോടൊപ്പം താഴെ ചേർത്തിരിക്കുന്നു.

| Buil.No | USE | FLOOR | BUILT UP AREA | | FLOOR AREA | |
|---|---|---|---|---|---|---|
| | | | EXISTING | PROPOSED | EXISTING | PROPOSED |
| 1 | School Building | Ground Floor | 200.00 | 435.82 | 200.00 | 359.83 |
| | | First Floor | | 441.79 | | 389.53 |
| | | Second Floor | | 314.42 | | 250.20 |
| 2 | Church | Ground Floor | 403.96 | | 403.96 | |
| 3 | Residential Building | Ground Floor | | 286.87 | | 250.45 |
| | | First Floor | | 142.31 | | 133.43 |
| | | Stair Room | | 8.97 | | |
| 4 | Toilet Block | Ground Floor | | 93.29 | | 93.29 |
| 5 | Ladies Toilet | Ground Floor | | 24.52 | | 24.52 |
| 6 | Boys Toilet | Ground Floor | | 46.04 | | 46.04 |
| 7 | Vault | Ground Floor | 210.92 | | 210.92 | 210.92 |
| **TOTAL** | | | **814.88** | **1794.03** | **814.88** | **1547.29** |
| **Grand Total** | | | **2608.91** | | **2362.17** | |
| **F.S.I : 0.106**<br>**COVERAGE : 7.68%** | | | | | | |

നിബന്ധനകൾ:-

1. നിർദിഷ്ട നിർമാണം കെ.പി .ബി.ആർ 2019 ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും വിധേയമായിട്ടുള്ളതാണെന്നും ലേഔട്ട് അനുമതി നൽകിയിട്ടുള്ള പ്ലാനുകൾ പ്രകാരവുമാണെന്നും സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
2. സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, ഉടമസ്ഥാവകാശം, നിർമാണാവകാശം, എന്നിവ പരിശോധിച്ചു സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3. കെ.പി.ബി.ആർ 2019 ചട്ടം 5 പ്രകാരം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമാക്കേണ്ടതാണ്.

I/289545/2024

4. നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/നിർമ്മാണ പ്രവൃത്തികൾ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ്, 1963-ലെ കേരള ഭൂപരിഷ്കരണ നിയമം എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.

5. നിർദിഷ്ട സ്ഥലത്തു പുറമ്പോക്കു ഭൂമി, ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

6. നിർദിഷ്ട സ്ഥലത്തു നിന്നും യാതൊരുവിധ മാലിന്യങ്ങളും സമീപ പ്രദേശങ്ങളിലേക്കോ ജല സ്രോതസ്സിലേക്കോ കലരുവാൻ പാടുള്ളതല്ല.

7. കെ.പി .ബി.ആർ 2019 ചട്ടം 76 പ്രകാരം ഭൂഗർഭജലം പോഷണത്തിനുള്ള സംവിധാനങ്ങളും മഴവെള്ള സംഭരണ സംവിധാനവും സ്ഥലത്ത് നല്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

8. DDMA യുടെ ഉത്തരവുകൾ പ്രകാരമുള്ള നിലകൾ/ ഉയരനിയന്ത്രണങ്ങൾ പാലിച്ചു കൊണ്ടാണ് നിർമാണം നടത്തുന്നതെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

9. ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നല്കുന്ന മുറയ്ക്ക് പ്ലാനിൽ കാണിച്ചിട്ടുള്ള എല്ലാ സുരക്ഷിത സംവിധാനങ്ങളും നിർമ്മിച്ചിട്ടുണ്ടോയെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

10. പ്ലാനുകളിൽ പൊളിച്ച് കളയുന്നതായി രേഖപ്പെടുത്തിയിട്ടുള്ള ഭാഗങ്ങൾ പൊളിച്ച് കളഞ്ഞിട്ടുണ്ട് എന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

11. പ്രസ്തുത നിർമാണം പൂർത്തീകരിച്ചതിനാൽ ചട്ട പ്രകാരം ആവശ്യമായ കോമ്പൗണ്ടിംഗ് ഫീ ഈടാക്കേണ്ടതാണ്

അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ: 06/2024

Signed by Renjith K S
Date: 21-05-2024 10:39:58
Reason: Approved

ടൗൺ പ്ലാനർ, വയനാട്

പകപ്പ് :- 1. സെക്രട്ടറി, പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്.
2. ട്രസ്റ്റി, സെൻറ് ജോർജ് ജാക്കോബിറ്റ് സിറിയൻ ചർച്ച്,
പുൽപ്പള്ളി, ആനപ്പാറ.